പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3674 — 26.06.2012 -ലെ മറുപടി

## ഷൊർണ്ണൂരിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇപ്പോൾ സംസ്ഥാനത്തെ പല ഡിപ്പോകളിൽ നിന്നും ശരിയായി സർവ്വീസ് നടത്തുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | 5458 ഷെഡ്യൂളുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി അനുവാദം നൽകിയിട്ടുണ്ട്. ഇതിൽ പ്രതിദിനം ശരാശരി 4800 ഷെഡ്യൂൾ വരെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ചില ദിവസങ്ങളിൽ 4950 ഷെഡ്യൂൾ വരെ ഓപ്പറേറ്റ് ചെയ്യാറുമുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ഡിപ്പോകളിൽ നിന്നും സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമായി നടത്തുന്നുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണമാണ് പ്രധാനമായും ഷെഡ്യൂളുകൾ റദ്ദ് ചെയ്യേണ്ടി വരുന്നത്. ഇത് പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കൈക്കൊണ്ടുവരുന്നു. |
| (ബി) | എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിനം ലഭിക്കുന്ന കളക്ഷനും പ്രതിദിനം ചെലവഴിക്കുന്ന തുകയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുമോ; | (സി) | പ്രതിദിനവരുമാനത്തിൽ നിന്നും ഡീസലിനും ധനകാര്യസ്ഥാപനങ്ങൾക്ക് വായ്പ തിരിച്ചടവിനും, MACT അവാർഡുകൾ, സ്പെയറുകൾ, പെൻഷൻ ആനുകൂല്യങ്ങൾക്ക് നൽകുന്ന 10% ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള നിക്ഷേപം എന്നിവകഴിച്ച് ശരാശരി 33 ലക്ഷം രൂപയാണ് പ്രതിദിന നീക്കിയിരുപ്പ്. ടി തുക ഉപയോഗിച്ച് വേണം 44.50 കോടി രൂപ വരുന്ന ശമ്പളവും, 28 കോടി രൂപ വരുന്ന പെൻഷനും മാസാവസാനം നൽകേണ്ടത്. |
| (ഡി) | ഷൊർണ്ണൂരിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ബാധ്യതകൾ ഏറ്റെടുക്കുവാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ ഷൊർണ്ണൂരിൽ കെ.എസ്.ആർ.ടി.സി ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ